LIBRARY ARCHIVES Kerala Legislative Assembly

## ഇൻഫർമേഷൻ കേരള മിഷനിലെ ശമ്പള പരിഷ്കരണം

212(3232) ശ്രീ. ഒ. രാജഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-8-2018-ലെ 176/2017/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അപാകതകൾ ഇതിനകം പരിഹരിച്ച് നല്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഈ ഉത്തരവ് പ്രകാരം അഡ്മിനിസ്ട്രേഷൻ വിഭാഗത്തിലെ ജീവനക്കാരുടെ ശമ്പളം പൊതുമരാമത്ത് വകുപ്പിലെ ക്ലീനിംഗ് ജീവനക്കാരുടെ ശമ്പളത്തിന് തുല്യമായാണ് നിശ്ചയിച്ചിരിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അടിയന്തരമായി തിരുത്തി നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർക്ക് പേ സ്കെയിൽ നിശ്ചയിക്കുമോ;

(ഡി) ഇൻഫർമേഷൻ കേരള മിഷനിൽ നിലവിൽ ഏത് സർവീസ് ചട്ടമാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർതലത്തിൽ പരിശോധിക്കണമെന്ന ആവശ്യ മുന്നയിച്ച് എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച ശിപാർശ പരിശോധനയിലാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതുവരെ കേരളാ സർവ്വീസ് റൂൾസ് ബാധകമാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

## 2020-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ

213(3233) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ലെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ ഭാഗമായി സർക്കാർ ചെയ്തുവരുന്ന മുന്നൊരുക്ക പ്രവർത്തനങ്ങൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡം, നടപടിക്രമം, പ്രൊപ്പോസൽ സമർപ്പിക്കേണ്ട രീതി എന്നിവ അറിയിക്കാമോ;

(സി) മുനിസിപ്പാലിറ്റി/ഗ്രാമ പഞ്ചായത്ത് വാർഡുകൾ വിഭജിച്ച് വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള മാനദണ്ഡം, നടപടിക്രമം, പ്രൊപ്പോസൽ സമർപ്പിക്കേണ്ട രീതി എന്നിവ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ-ഡി) 2020-ലെ തദ്ദേശഭരണ സ്ഥാനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ ഭാഗമായി നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയും നഗരവത്ക്കരണത്തിന്റെ പശ്ചാത്തലത്തിൽ നഗരസ്വഭാവം കൈവരിച്ച ഗ്രാമ പഞ്ചായത്തുകളെ നഗരസഭകളായി പരിവർത്തനപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും നിലവിലുള്ള ബ്ലോക്ക് പഞ്ചായത്തുകളുടേയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ആവശ്യകതയും നഗരസഭകളുടെ പദവി ഉയർത്തേണ്ടുന്നതിന്റെ ആവശ്യകതയും പരിശോധിച്ച് അതിനനുസൃതമായ ശിപാർശകൾ സമർപ്പിക്കുവാനായി സർക്കാർ 28-3-2018-ന് സ.ഉ.(സാധാ) നമ്പർ 877/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

പ്രസ്തുത കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ വാർഡുകൾ വിഭജിക്കുന്നതും എണ്ണം വർദ്ധിപ്പിക്കുന്നതും പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതുമായ വിഷയങ്ങൾ സംബന്ധിച്ച മാനദണ്ഡം, നടപടിക്രമം, പ്രൊപ്പോസൽ സമർപ്പിക്കേണ്ട രീതി എന്നീ വിഷയങ്ങളിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ.

**എറണാകുളം ജില്ലയിൽ വികസന പരിശീലന കേന്ദ്രം**

214 (3234) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ എറണാകുളം ജില്ലയിൽ വികസന പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) കേന്ദ്രസർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന പ്രസ്തുത പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?